മെന്നു ചോദിക്കുകയുണ്ടായിട്ടുണ്ട്. അന്നു് രണ്ടരയണ, മൂന്നണ എന്നാണു് ഉത്തരം കിട്ടിയതു്. ഇപ്പോൾ ആ തുക എത്രയാണു് എട്ടണയായി വർദ്ധിച്ചിട്ടുണ്ടു്. ഇപ്പോൾ രോഗികളുടെ എണ്ണവും വളരെ വർദ്ധിച്ചിട്ടുണ്ടു്. ആ നിലക്കു വിഭവസമൃദ്ധമായ ഒരു സദ്യ കഴിക്കാൻ ആശുപത്രികളിൽ സംഖ്യമല്ല. ആകെന്നതൊക്കെ ഗവൺമെണ്ടു ചെയ്യുന്നതാണു്. ഗവൺമെണ്ടു് ഉൽക്കണ്ഠയോടുകൂടി ഈ കാര്യം പരീക്ഷിക്കുന്നതാണു്. പിന്നെ ആവശ്യപ്പെടുന്നഡിമാണ്ടു് അനുവദിച്ചുതരാൻതന്നെ ഈ സഭക്കു വിഷമമാണു്. സഭഅനുവദിച്ചു കിട്ടുന്നതു് രോഗികൾക്കു കിട്ടത്തക്കവിധത്തിൽ വേണ്ട നടപടികൾ എടുക്കുന്നുണ്ടു്. ഒരു കാര്യം പറയാം. ഡോക്ടർമാർ ഇന്നു് ആശുപത്രികളിൽ ഗവൺമെണ്ടു് അനുവദിച്ചു കൊടുക്കുന്നതിൽ കൂടുതൽ ഭക്ഷണം കൊടുക്കുവുണ്ടെന്നാണു് അറിയുന്നതു്. അതായതു് ഏതാണ്ടു് ഒരുമാസം മുമ്പു് ചില ആശുപത്രികളിൽ രോഗികൾക്കു ആവശ്യമായ ഭക്ഷണങ്ങൾ കൊടുക്കാതിരുന്നതായി ആക്ഷേപമുണ്ടായി. അതിനെക്കുറിച്ചു് അന്വേഷിച്ചപ്പോൾ അനുവദിച്ചതിൽ കൂടുതൽ ഭക്ഷണം കൊടുത്തതുകൊണ്ടു് ൪ മാസത്തേക്കുള്ള സംഖ്യ മൂന്നു മാസം കൊണ്ടു് തീർന്നു പോയി എന്നാണു് അറിഞ്ഞതു്. ഇരിഞ്ഞാലക്കുട മുതലായ സ്ഥലങ്ങളിൽ ഇങ്ങിനെ ഉണ്ടായിട്ടുണ്ടു്. ഡോക്ടർമാരും രോഗികൾക്കു ഭക്ഷണസാധനങ്ങൾ കൊടുക്കുന്ന കാര്യത്തിൽ മടി കാണിക്കുന്നില്ല. അതുകൊണ്ടു് ഗവൺമെണ്ടു് ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുമെന്നു് ഉറപ്പുപറഞ്ഞുകൊള്ളുന്നു.

ഡോക്ടർ മിസിസ്സു് ടി. ഫ്രാൻസിസ്സു്: സർ, ഓരോ രീതിയിലുള്ള സുഖക്കേടിനു ഓരോ തരത്തിലുള്ള ഡയറു് ഡോക്ടർമാർ കൊടുക്കും. ചില രോഗികൾക്കു പ്രത്യേകം പാലു് കൊടുക്കും. എന്നാൽ അത്തരത്തിലുള്ള പ്രത്യേക രോഗികളുടെ കാര്യമല്ല ഞാൻ പറയുന്നതു്. ഞാൻ പറയുന്നതു് ആശുപത്രികളിൽ സാധാരണ കിടത്തിചികിത്സിക്കുകേസുകളുണ്ടു്. അവരുടെ ഭക്ഷണകാര്യമാണു് ഞാൻ പറഞ്ഞതു്. ഞാൻ പറഞ്ഞതു ശരിയാണു് എന്നു് ആരും അറിയാതെ ആശുപത്രിയിലൊന്നു പോയാൽ ബഹുമാനപ്പെട്ട മന്ത്രിക്കു നേരിട്ടു മനസ്സിലാക്കാൻ കഴിയും.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ ഈ ആശുപത്രിയിൽ ഇന്നുനകാലത്തു് ഇങ്ങിനെതന്നെയാണോ അവിടെ നടന്നിട്ടുള്ളതു്.

ഡോക്ടർമിസിസ്സു് ടി. ഫ്രാൻസിസ്സു്: ഇതുപോലെതന്നെയാണു് അന്നും നടന്നിരുന്നു ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുമെന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഇതു പ്രസ്സു ചെയ്യുന്നില്ല. ആശുപത്രികളിലെ In-patients ന്റെ അവസ്ഥ ഇന്നത്തേതിൽനിന്നു വളരെ ഭേദപ്പെടുത്തുമെന്നു് ആശിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resoluation by leave withdrawn
Resolution No. 33 to 41 were not moved

RESOLUTION No. 42

REMOVAL OF RESTRICTIONS ON ERECTION OF PLACES OF PUBLIC WORSHIP

മിസ്റ്റർ സി. വി. ഐപ്പു: *This Assembly recommends to Government to remove all the restrictions imposed on the erection of places of public worship*". സർ, ഈശ്വരാരാധനാസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു ഇന്നു യഥാർത്ഥത്തിൽ പല പ്രതിബന്ധങ്ങളും ഉണ്ടു്. പ്രതിബന്ധങ്ങളൊന്നും ഇല്ലെന്നു് ഗവൺമെണ്ടു ചിലപ്പോൾ മറുപടിപറയുമായിരിക്കും. ഗവൺമെണ്ടിൽ പൊതു ആരാധനാസ്ഥലം കിട്ടുന്നതിനുള്ള അപേക്ഷാഫാറത്തിൽ, ഉദ്ദേശിക്കുന്ന ആരാധനാസ്ഥലത്തിന്റെ അതിരുകളിൽ മറ്റു ഏതെങ്കിലും ആരാധനാസ്ഥലങ്ങളുണ്ടെങ്കിൽ അതിനെ കാണിക്കണമെന്നു ഒരു വ്യവസ്ഥയുണ്ടു്. ആ ഫാറത്തിലുള്ള വ്യവസ്ഥയനുസരിച്ചു് അപേക്ഷ എഴുതികൊടുത്താൽ ആ അപേക്ഷാസംഗതിയെക്കുറിച്ചുള്ളഅന്വേഷണങ്ങൾവില്ലേജുദ്യോഗസ്ഥന്മാർവരെ എത്തി ൧൫ ദിവസത്തിനുള്ളിൽ ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു് അപേക്ഷ നിരാകരിക്കപ്പെടാത്തപക്ഷം അപേക്ഷ അനുവദിച്ചതായി കരുതാമെന്നുള്ള ഒരു നിയമം അഞ്ചാറുകൊല്ലം മുമ്പുണ്ടായിരുന്നു. ആ സൌകര്യംകൂടി ഇപ്പോഴില്ല. ജനാധിപത്യത്തിലേക്കു് അടുക്കുംതോറും മതസ്വാതന്ത്ര്യങ്ങൾ കുറയുകയാണു്. ആരാധനാസ്ഥലം അനുവദിക്കുന്നതിനു പ്രത്യക്ഷത്തിൽ തടസ്ഥമില്ലെങ്കിലും അനുഭവത്തിൽ ഇങ്ങിനെയുള്ള അപേക്ഷകൾ വളരെയധികം തടസ്ഥങ്ങൾമൂലം പലപ്പോഴും തള്ളപ്പെട്ടുപോകയൊ അല്ലെങ്കിൽ വളരെക്കാലംകഴിഞ്ഞു് അനുവദിക്കുകയൊ ചെയ്യുന്നുണ്ടു്. ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽ, ഹൈദരാബാദു്, തിരുവിതാംകൂർ ഒഴിച്ചു് മറ്റുള്ള നാട്ടുരാജ്യങ്ങളിൽപോലും ഇങ്ങിനെയുള്ള ഒരു നിയമമുള്ളതായിട്ടു് അറിയുന്നില്ല, ഇൻഡ്യൻ സെക്രിനിയനി

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. V. Iyyu]

ലൊ പാക്കിസ്ഥാനിലൊ മുമ്പും ഇപ്പോഴും ഇത്തരം നിയമം ഇല്ല. മതസഹിഷ്ണുത ഈ രാജ്യത്തു് ഇരുപതിലധികം നൂറ്റാണ്ടുകളായി ചരിത്രദൃഷ്ട്യാ നിലവിലുള്ളതാണു്. ക്രി.പി. മാണ്ടിന്റെയും ക്രി.പി. മാണ്ടിന്റേയും ഇടക്കു ഒരു രാജകിയവിളംബരം മൂലമാണു് ഈ നിബന്ധനകളെല്ലാം വന്നുകൂടിയതു്. ആ കാലത്തു് തിരുവിതാംകൂറിൽ ഇങ്ങിനെയുള്ള നിബന്ധനകളുണ്ടായിരുന്നിരിക്കാം. ഹൈദരാബാദിൽ അതിനുമുമ്പുള്ളകാലത്തുകൂടി നിലവിലുണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. തിരുവിതാംകൂറും കൊച്ചിയും ഹൈദരാബാദിനെ പകത്തിയതാണു് എന്നതോന്നുന്നു. ഇപ്പോഴെങ്കിലും ഈ കാര്യത്തിലുള്ളനിയന്ത്രണങ്ങളുംതടസ്ഥങ്ങളുമെല്ലാം മാറിക്കിട്ടണമെന്നു് ഈ സഭമുഖാന്തിരം ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നതിന്നാണു് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു്. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ ഡൽഹിയിൽവെച്ചു് ഭരണഘടനാനിർമ്മാണസമിതിയിൽ ഏഴു സ്വാതന്ത്ര്യങ്ങൾ പറഞ്ഞതിൽ ഒരു സ്വാതന്ത്ര്യമാണു് ഈ പ്രമേയംമൂലം ഞാൻ ആവശ്യപ്പെടുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ; അതു് ആരാധനാസ്വാതന്ത്ര്യമല്ലേ?

മിസ്റ്റർ സി. വി. ഇയ്യു: ആരാധനാസ്വാതന്ത്ര്യംതന്നെയാണു് ആവശ്യപ്പെടുന്നതു്. ആരാധനാസ്ഥലങ്ങളുണ്ടാക്കുന്നതിനുള്ള സ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്നതാണു്. ആരാധനാസ്വാതന്ത്ര്യം എന്നുള്ളതു് അവനവന്റെ വീട്ടിൽ ഇരുന്നു പ്രാർത്ഥന കഴിക്കുന്നതാണു് എന്നു ബഹുമാനപ്പെട്ട മന്ത്രി വിവക്ഷിച്ചിട്ടുണ്ടെങ്കിൽ, അതു് അങ്ങിനെയല്ല എന്നാണു് ഞാൻ പറയുന്നതു്. അതു് സോവിയറ്റ്റഷ്യയിലുംകൂടി ഉണ്ടത്രെ! ഓരോ വ്യക്തിക്കും അയാൾ വിശ്വസിക്കുന്നരീതിയിൽ, മതം മാറുന്നതിനുള്ള സ്വാതന്ത്ര്യവും, അയാൾക്കു ബോധിച്ചവിധത്തിലുള്ള ഏതാരാധനകളും നടത്തുന്നതിനുള്ള സ്വാതന്ത്ര്യവും മറ്റൊരാളോ, ഏതാനും വ്യക്തികളോ കൂട്ടമായോ ആരാധനാമന്ദിരം പണിയിക്കണമെന്നു് ആഗ്രഹമുള്ളവർക്കു് അതു പണിയിക്കുവാനുള്ള സ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്നതാണു്. ഇങ്ങിനെയുള്ള ആരാധനാസ്വാതന്ത്ര്യങ്ങൾക്കു വളരെ പ്രതിബന്ധങ്ങൾ ഈ രാജ്യത്തു് ഇന്നു നിലവിലുണ്ടു്. അതില്ലാതാക്കണമെന്നാണു് ഈ പ്രമേയംമൂലം ആവശ്യപ്പെടുന്നതു്. നമ്മുടെരാജ്യം പരിഷ്കൃതമാണെന്നു് നാം അഭിമാനിക്കുന്നു. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാൽ ഭരിക്കപ്പെടുന്ന ഒരു ഗവണ്മെണ്ടാണു് നമുക്കുള്ളതെന്നു് നാം ഉൽഘോഷിക്കുന്നു. ഈ നിയമസഭ മതസഹിഷ്ണുതകൾ, ആരാധനാസ്വാതന്ത്ര്യത്തിനും, പൌരസ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊള്ളുന്നു എന്നു് നാം പ്രഖ്യാപിക്കുന്നു.

മിസ്റ്റർ വി. കെ. ജോസഫ്: ഈ കാര്യത്തിൽ പരിപൂർണ്ണമായ ക്ഷേത്രപ്രവേശനം ഉൾപ്പെടുമോ?

മിസ്റ്റർ പ്രസിഡണ്ടു്: ഇതു് ക്ഷേത്രപ്രവേശനത്തിന്റെ കാര്യമല്ല, ആരാധനാസ്ഥലങ്ങളുണ്ടാക്കേണ്ട കാര്യമാണു്.

മിസ്റ്റർ സി. വി. ഇയ്യു: എറണാകുളം നടവിലെപ്പള്ളിയുടെയും വടക്കെപള്ളിയുടേയും ഇടക്കു് സൌകര്യമുള്ള സ്ഥലത്തു് ഹിന്ദുക്ഷേത്രമോ, മുസ്ലിംദേവാലയമൊ, യൂദപ്പള്ളിയോ, ബുദ്ധവിഹാരമോ, സിക്കുഗുരുദ്വാരമോ ആക്കേണ്ടിടത്തോളം സ്ഥാപിക്കണമെങ്കിൽ അപ്രകാരം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നാണു് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ഈ പ്രമേയത്തെക്കുറിച്ചു് അധികം പറഞ്ഞു് സഭയുടെ വിലയേറിയ സമയം കളയണമെന്നു് വിചാരിക്കുന്നില്ല. ഇതു് സഭയുടെ സ്വീകരണത്തിന്നായി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Ittiera Ambookan *(Mala)*: I second the resolution.

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ആരാധനാസ്ഥലങ്ങളുടെ കാര്യത്തിൽ രണ്ടുനിലയാണു് കാണുന്നതു്. ക. ഒരു മതക്കാരുടെ ദേവാലയത്തിന്റെ അര മൈലിനു് ഉള്ളിൽ വേറൊരു മതക്കാക്കു് ദേവാലയം അനുവദിക്കാൻ പാടില്ല എന്നാണു്.

മിസ്റ്റർ സി. വി. ഇയ്യു: വേറെ മതക്കാക്കും സ്വമതക്കാക്കും പാടില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതുപോലെ ഒരു മതക്കാരുടെ പള്ളിയുണ്ടെങ്കിൽ അവിടെനിന്നു ഘോഷയാത്രപോകുന്ന വഴികളെ സമീപിച്ചും ദേവാലയങ്ങളും പുതിയതായി അനുവദിക്കാവുന്നതല്ല. ഇങ്ങിനെ രണ്ടുസംഗതികളിലാണു് നിബന്ധനകളുള്ളതു്. ഇതിന്റെ ഉത്ഭവം എങ്ങിനെയാണെന്നറിഞ്ഞുകൂടാ. ഇതുപോലെയുള്ള നിബന്ധനകൾ

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂറിലുമുണ്ട്. അടുത്തകാലത്തു് തിരുവിതാംകൂറിൽ അരമൈൽ എന്നുള്ളതു് ഒരുമൈൽ ആക്കിയതായിട്ടാണു് അറിയുന്നതു്. ഏതായാലും സമുദായങ്ങൾതമ്മിൽ സംഘട്ടനങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടിയോ മറ്റൊ ആയിരിക്കണം ഇങ്ങിനെ ചെയ്തിട്ടുള്ളതു്. സമുദായങ്ങൾതമ്മിൽ സൗഹാർദ്ദം വരുന്നതുവരെ ഇങ്ങിനെയുള്ള നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതല്ലെ നല്ലതു് എന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടു്. സമുദായങ്ങൾതമ്മിൽ സൌഹാർദ്ദതയുണ്ടാകുന്നതോടുകൂടി ഈവക നിയന്ത്രണങ്ങൾ ആവശ്യമില്ലാതായിത്തീരും. അതിനുള്ള സമയമായോ എന്നുള്ളകാര്യത്തെക്കുറിച്ചു ഗവൺമെണ്ടിനു സംശയമുണ്ടു്. ഇന്നത്തെനിലയിൽ ആളുകളുടെ ആവശ്യത്തിനു തടസ്ഥമുണ്ടാകാത്തവിധത്തിൽ സാധിക്കുന്നപക്ഷം വേണ്ടപോലെ ആലോചിച്ചു് പ്രവർത്തിക്കാമെന്നു മാത്രമാണു് ഗവൺമെണ്ടിനു ഇക്കാര്യത്തെക്കുറിച്ചു പറയുവാനുള്ളതു്.

മിസ്റ്റർ സി. വി. ഇയ്യു: ഈ നിയമം നടപ്പിൽ വന്ന കാലത്തും അതിനുമുമ്പും അനാഴികയുടെഉള്ളിൽ ദേവാരാധനസ്ഥലങ്ങൾ ഉണ്ടായതുകൊണ്ടു് വഴക്കുകൾ യാതൊന്നും ഉണ്ടായിട്ടില്ലെന്നു് എനിക്കറിയാം. ക്രസ്ത്യാനികളിലെ ചില വിഭാഗങ്ങളിലെ അന്തഃഛിദ്രങ്ങൾ മൂലമുള്ള അഭിപ്രായ വ്യത്യാസങ്ങൾ നിമിത്തം ക്രസ്ത്യാനികൾ റോമൻ കത്തോലിക്കർ. ജാക്കബൈറ്റ്സ് എന്നീ വിധത്തിൽ ഛിദ്രിച്ചിട്ടുണ്ടു്. അതിൽ ചില ഉപവിഭാഗങ്ങളും കായ്ങ്ങളിലൊക്കെ പഴയകാലങ്ങളിലെ ഗവൺമെണ്ടുകൾ ചിലപ്പോൾ കക്ഷിപിടിക്കുക പതിവുണ്ടായിരുന്നു. പള്ളി വേറെവെച്ചു പിരിഞ്ഞു പോകാൻ ഇഷ്ടപ്പെടുന്നവർക്കു് പള്ളിയുണ്ടാക്കാൻ അനുവാദം കൊടുക്കാതെ ബുദ്ധിമുട്ടു വരുത്താനാണു് ഈ നിയമം ആദ്യം ഉണ്ടായതു്. അതു പോലെതന്നെ ഹിന്തുക്കളുടെയിടയിലും ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാരും, അധികാരസ്ഥനങ്ങളിലിരിക്കുന്ന മറ്റു പലരും ചിലപ്പോൾ കക്ഷിപിടിക്കുക പതിവുണ്ടായിരുന്നിരിക്കാം. അങ്ങിനെയൊക്കെ വന്നുകൂടിയതാണു് ഈ നിയമ നിർമ്മാണം. തിരഞ്ഞെടുപ്പു പ്രഖ്യാപനങ്ങളിലും മറ്റും "മതം അപകടത്തിൽ" എന്നു പറയാറുണ്ടു്. അതുപോലെ ആരാധനാസ്ഥലങ്ങൾ ഉണ്ടാക്കാൻ പുറപ്പെടാൻ ചിലStunts ഈവക കായ്ങ്ങളിലും ഉണ്ടാകുമെന്നുള്ളതല്ലാതെ സമാധാനഭംഗമോ, കൊലപാതകമോ ഉണ്ടാകാമെന്നുള്ള പേടിയൊന്നും ഗവൺമെണ്ടിനില്ല. ഇവിടെ സമുദായമൈത്രിക്കു് വിരുദ്ധമായ യാതൊരു അന്തരീക്ഷവും ഇല്ല. സാമുദായികവാദം നിലനിർത്തുവാൻ സാമുദായിക ചുവയുള്ള പല ആളുകളും ശ്രമിച്ചു നോക്കി എന്നിരുന്നാലും, പ്രമാണപ്പെട്ട സാമുദായിക സംഘടനയുടെ വൈസ് പ്രസിഡണ്ടു തന്നെയും, സാമുദായിക മനഃസ്ഥിതി ഉപേക്ഷിച്ചു് പ്രജാമണ്ഡലത്തിൽചേരുകയുണ്ടായി.

മിസ്റ്റർ സി. എ. ഔസേപ്പു്: അതു് ശരിയല്ല.

മിസ്റ്റർ സി. വി. ഇയ്യു: വേറെ ഒരു സാമുദായിക സംഘടനയിലെ അതായതു് S. N. D. P. യിലെ ഒരു മെമ്പറായിരുന്ന ബഹുമാനപ്പെട്ട മരാമത്തു മന്ത്രി. അദ്ദേഹം ആ സാമുദായിക സംഘടന വിട്ടു് പ്രജാമണ്ഡലത്തിൽ ചേർന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: അതിലെന്താണു് തരക്കേടു്?

മിസ്റ്റർ സി. വി. ഇയ്യു: സാമുദായിക ചിന്ത വിട്ടുന്നപക്ഷം എത്രയും നല്ലതാണു്. ഞാൻ ഒരു സാമുദായസംഘടനയിലും അംഗമല്ല. ആവകയിൽ നിന്നും ദശാബ്ദങ്ങളായി ഒഴിഞ്ഞുനില്ക്കുന്ന ഒരാളാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാമുദായിക സംഘടനയിൽ അംഗമല്ലന്നാണൊ പറയുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: രാഷ്ട്രീയ ചുവയുള്ള യാതൊരു സാമുദായിക സംഘടനയിലും അംഗമല്ല ഞാൻ. അല്ലാത്ത സാമുദായിക സംഘടനകളിലും ഞാൻ അംഗമല്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്നാൽ സാമുദായിക ചുവയുള്ള രാഷ്ട്രീയസംഘടനയിലെ അംഗമായിരിക്കാം.

മിസ്റ്റർ സി. വി. ഇയ്യു: ഞാനല്ല. അതെല്ലാം Treasury Benchൽ ഉള്ളവരാണു്. ആവകയിൽ മുമ്പുതന്നെ നമ്മുടെ രാജ്യത്തു് ഈ വക തടസ്ഥങ്ങളൊന്നും കൂടാതെ കായ്ങ്ങൾ നടന്നിട്ടുള്ളതാണു്. നമ്മുടെ നാട്ടുകാർ വളരെ യോജിപ്പിൽ അനുവർത്തിച്ചിട്ടുള്ള ജനങ്ങളാണു്. ക്രസ്ത്യാനികൾക്കും മറ്റു അഹിന്തുക്കളായ യഹൂദർക്കും, മുസ്ലിമിങ്ങൾക്കും എത്രയോ ശതാബ്ദക്കാലം മുമ്പുതന്നെ നമ്മുടെ രാജ്യത്തു ആരാധനാസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുള്ളതാണു്. ഇങ്ങിനെയെല്ലാമിരിക്കെ, ഈ നിയമം കൊണ്ടു് വെറുതെ സാമുദായികമായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. V. Iyyu]

സ്റ്റേ, മറ്റു കഴപ്പങ്ങൾ ഇവയുണ്ടായിത്തീരുന്നതെയുള്ളൂ. ഒരു സെക്കുലർ (Secular) ഗവണ്മെന്റിനോടാണ് നാം സംഘടിച്ചിരിക്കുന്നതു്. ഈ നിയമംറദ്ദാക്കിയതുകൊണ്ടു് യാതൊരു കഴപ്പവും ഉണ്ടാകുകയില്ല. കുറെഅധികം പള്ളികളും അമ്പലങ്ങളും വഴിച്ചുതുകൊണ്ടു് യാതൊരു പുതിയ കഴപ്പവും വരുവാനില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ Rule നിലവിലിരുന്നാലല്ലെ, കുറെ അധികം പ്രദേശങ്ങൾ Secular ആയി കിട്ടുക?

മിസ്റ്റർ സി. വി. ഇയ്യു: അമ്പലങ്ങളും പള്ളികളും കുറെ അധികമുണ്ടാകുകയാണെങ്കിൽ അതാണു് ജനങ്ങൾക്കു സെക്കുലർ ആകാൻ നല്ലതു്. ആളുകൾക്കു് മതത്തിന്റെ ബാഹ്യാചാരങ്ങളിലുള്ള താല്പര്യവും കുറയുന്നതിനു അതാണു് നല്ലതു്.

മിസ്റ്റർ കെ. അയ്യപ്പൻ: അപ്പോൾ ബഹുമാനപ്പെട്ട മെമ്പർ മതം ഇല്ലാതാക്കണമെന്നാണോ അഭിപ്രായപ്പെടുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: മതം ഇല്ലാതാക്കുന്നതിൽ തടസക്കാരനല്ല ഞാൻ. എനിക്കു് മതമുണ്ടെന്നെ ഉള്ളൂ.

മിസ്റ്റർ എ. എം. തോമസ്സു്: ആദ്യംപ്പെരുപ്പംനോക്കി ഈ അവസ്ഥയിൽ റൂൾ relax ചെയ്യുവാൻ സാധിക്കുമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ക്രസ്ത്യാനി സമുദായങ്ങളിൽപ്പെട്ട ആളുകൾ തമ്മിലുള്ള കഴപ്പങ്ങൾകൊണ്ടുതന്നെയാണു് ഈ റൂൾ relax ചെയ്യുവാൻ വഴികാണാതിരിക്കുന്നതു്. എങ്ങിനെയാണു് ഇതിന്റെ ഉത്ഭവമെന്നു് നിശ്ചയമില്ല. ഏതായാലും ഈ കാര്യത്തെക്കുറിച്ചാലോചിക്കാൻ വിരോധം ഇല്ല. സാവധാനത്തിൽ ആലോചിച്ചു വേണ്ട ഭേദഗതികൾ വരുത്തണമെന്നാണു് വിചാരിക്കുന്നതു്.

Mr. P. Govinda Menon *(Minister for Finance and Law)*: Has it come to the notice of the Hon'ble Member for Kunnamkulam a very instructive pamphlet on this subject written by the late Mr. C. Achutha Menon regarding how different sections among the Christians move. Government could have a restriction like this.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ അതു പഠിഞ്ഞുവല്ലൊ. ക്രസ്ത്യാനികൾ തമ്മിൽ വഴക്കുപിടിച്ചപ്പോൾ മസ്റ്റർ സി. അച്യുതമേനോൻ കക്ഷി പിടിച്ചിട്ടുണ്ടൊ എന്നു് അറിയുകയില്ല.

Mr. P. Govinda Menon *(Minister for Finance and Law)*: His father's brother or mother's brother.

Mr. P. K. Dewer *(Labour)*: How are we interested in it, Sir.

മിസ്റ്റർ സി വി. ഇയ്യു: പരേതനായ എന്റെ അമ്മാവൻ അതിനു ശ്രമിച്ചിട്ടുണ്ടെന്നു എനിക്കറിയാം.

Mr. P. K. Dewer *(Labour)*: Sir, we are not interested in his uncle's affairs.

Mr. P. Govinda Menon *(Minister for Finance and Law)*: All the same he is very entertaining, Sir.

മിസ്റ്റർ സി. വി. ഇയ്യു: അതുകൊണ്ടു് ആ സംഗതിയെ സംബന്ധിച്ചു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി കാര്യമായി ആലോചിച്ചു് ഈ നിയമം റദ്ദുചെയ്യാമെന്നു് പറഞ്ഞിട്ടുള്ളതുകൊണ്ടു് ഈ പ്രമേയം ഞാൻ പ്രസ്സു് ചെയ്യുന്നില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: റദ്ദു ചെയ്യാമെന്നു് ഞാൻ പറയുകയുണ്ടായില്ല.

Resolution, by leave, withdrawn

Resolution No. 43 not moved

RESOLUTION NO. 44

Opening and extension of Cremation Grounds

മിസ്റ്റർ സി. വി. ഇയ്യു: *"This Assembly re-commends to Government to permit the opening and extension of the burial or cremation grounds provided it conforms to the rules laid down by the Department of Public Health."*

സർ, ര ാം പ്രമേയം സംബന്ധിച്ചു് പ്രതിപാദിച്ച പ്രതിബന്ധങ്ങളൊക്കെ ഈ ര ാം പ്രമേയത്തെ സംബന്ധിച്ചിടത്തോളവും അനുഭവിച്ചുകാണുമാറുണ്ടു്. ഈ പ്രമേയത്തെക്കുറിച്ചു് കൂടുതലായി ഒന്നും പ്രസംഗിക്കണമെന്നു് വിചാരിക്കുന്നില്ല. Public Health Department കാരുടെ ഒരു certificate വേണമെന്നുള്ള കാര്യം അത്യാവശ്യമാണെന്നു അംഗീകരിക്കും. ആയതിനാൽ പ്രമേയം ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കണമെന്നു് ഞാൻ അഭ്യർഥിച്ചു അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly